# *സീതയോ, പാഞ്ചാലിയോ?*

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

ദ്വാരകയിൽനിന്നു
സാകേതത്തിലേക്കുള്ള
അധികദൂരപ്രയാണത്തിൽ
സിനിമാകൊട്ടകയിലെ
ശബ്ദവെളിച്ചത്തിൽ
“പൈ”യുടെ
പുലിവാൽജ്ജീവിതം
വെള്ളിത്തിരയിലൂറ്റി
കൈക്കോർത്തു
ദണ്ഡകാരണ്യത്തീവ്രതയിൽ
ധർമ്മോപദേശക്കാറ്റിനായ്
ബസ്സുകാത്തുനിന്നതും,
രവിയെക്കടിച്ച,  അതെ,
അതേ  ഐതിഹാസികസർപ്പം,
ലൈൻബസ്സിലെ
മരയിരിപ്പടത്തിൽ
പതിഞ്ഞിരുന്ന്
അവളെ  –
ജ്യോതിസ്സിനെ,
ശരീരചികിത്സാവിദ്യാർത്ഥിയെ  –
ദംശിച്ചതും!
... ... ... ... ... ... ... ... ... ... ...
... ... ... ... ... ... ... ... ... ... ...
************************************************